എമി ജാക്സണും എഡ്‌വെസ്റ്റർവിക്കും

എമി ജാക്സണ് രണ്ടാം വിവാഹം

നടിയും ബ്രിട്ടീഷ്മോഡലുമായ എമി ജാക്സൺ വീണ്ടും വിവാഹിതയാവുന്നു. ഹോളിവുഡ് നടനും സംഗീതജ്ഞനുമായ എഡ്‌വെസ്റ്റർവിക് ആണ്‌വരൻ. സ്വിറ്റ്സർലൻഡിലെ ആൽപ്സ് പർവതനിരകളിൽ വച്ചുള്ള ഇരുവരുടെയും മോതിരമാറ്റ ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ താരങ്ങൾ പങ്കുവച്ചു. 2023 ൽ എമി ജാക്സണും എഡ്‌വെസ്റ്റ്‌വിക്കും പ്രണയം തുറന്നു സമ്മതിച്ചിരുന്നു. എമിജാക്സന്റെ രണ്ടാംവിവാഹമാണിത്.ഹോട്ടൽ വ്യവസായി ജോർജ് പനയോറ്റു ആയിരുന്നു ആദ്യ ഭർത്താവ്. 2015 ൽ ആയിരുന്നു വിവാഹം. ഈ ബന്ധത്തിൽ ഒരു കുട്ടിയുമുണ്ട്. എന്നാൽ 2019 ൽ ഇവർ വേർപിരിഞ്ഞു. തമിഴ്, ബോളിവുഡ് ചിത്രങ്ങളിലൂടെയാണ് എമി പ്രേക്ഷകർക്ക് പ്രിയങ്കരിയാവുന്നത്. 2010 ൽ റിലീസ് ചെയ്ത മദ്രാസ് പട്ടണം എന്ന തമിഴ് ചിത്രത്തിലൂടെയാണ് അഭിനയരംഗത്ത് പ്രവേശിച്ചത്.

ഏക് ദീവാന ഥാ എന്ന ചിത്രത്തിലൂടെ 2012 ൽ ബോളിവുഡിലും അരങ്ങേറ്റം കുറിച്ചു.

റുഷിൻ ഷാജി കൈലാസ് നായകനാവുന്നു

ചിത്രീകരണം ഇന്ന് ആരംഭിക്കും

ഷെബി ചൗഘട്ട് സംവിധാനം ചെയ്യുന്ന ചിത്രത്തിൽ റുഷിൻ ഷാജി കൈലാസ് നായകൻ.

പ്രശസ്ത സംവിധായകൻ ഷാജി കൈലാസിന്റെയും നടി ആനിയുടെയും ഇളയ മകനായ റുഷിൻ ആദ്യമായി നായകനാവുന്ന ചിത്രത്തിന്റെ ചിത്രീകരണം ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. താക്കോൽ സിനിമയിൽ ഇന്ദ്രജിത്തിന്റെ ചെറുപ്പകാലം റുഷിൻ അവതരിപ്പിച്ചിട്ടുണ്ട്. അബു സലിം സുകുമാരക്കുറുപ്പ് എന്ന കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നു എന്ന പ്രത്യേകതയുമുണ്ട്.വിഷ്ണു ഉണ്ണിക്കൃഷ്ണൻ നായകനായ രണ്ട് എന്ന ചിത്രത്തിനുശേഷം പ്രജീവം മൂവീസിന്റെ ബാനറിൽ പ്രജീവ്സത്യവർദ്ധനാണ്നിർമാണം.മൂന്നു ബിഗ്ബഡ്ജറ്റ് ചിത്രങ്ങൾ പ്രജീവം മൂവീസ് നിർമിക്കുന്നുണ്ട്.

ഷെബി ചൗഘട്ട്

പ്ലസ്ട്ട്, ബോബി, കാക്കിപ്പട എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ഷെബി ചൗഘട്ടിന്റെ കഥയ്ക്ക് വി .ആർ ബാലഗോപാൽ തിരക്കഥയും സംഭാഷണവും ഒരുക്കുന്നു. ജോണി ആന്റണി,സൂര്യകൃഷ്ണ,ഇനിയ, ടിനിടോം, ശ്രീജിത്ത് രവി, സുജിത് ശങ്കർ, ദിനേശ് പണിക്കർ തുടങ്ങിയവരാണ്മറ്റ്താരങ്ങൾ. രജീഷ് രാമൻ ക്യാമറയും അഭിലാഷ് ബാലചന്ദ്രൻ എഡിറ്റിംഗും നിർവഹിക്കുന്നു. ബി. കെ ഹരിനാരായണന്റെ വരികൾക്ക്മെജോ ജോസഫ്സംഗീതം പകരുന്നു. വിനീത് ശ്രീനിവാസൻ, അഫ്സൽ എന്നിവരാണ് ഗായകർ. കലാസംവിധാനം - സാബുറാം.

പ്രൊഡക്ഷൻ കൺട്രോളർ എസ്. മുരുകൻ. പി.ആർ. ഒ വാഴൂർ ജോസ്.

റുഷിൻ ഷാജി കൈലാസ്

ടെലിവിഷൻ മേഖലയിലെ സാങ്കേതിക പ്രവർത്തകരുടെ സുരക്ഷ ഉറപ്പ് വരുത്തുമെന്ന് ബി. ഉണ്ണിക്കൃഷ്ണൻ

ബി. ഉണ്ണിക്കൃഷ്ണൻ

മലയാളം ടെലിവിഷൻ പ്രൊഡ്യൂസേഴ്സ് അസോസിയേഷനും ഫെഫ്കയും തമ്മിലുള്ള വേതന വ്യവസ്ഥ കരാറായിട്ടുണ്ടെന്ന് സംവിധായകനും ഫെഫ്ക ജനറൽ സെക്രട്ടറിയുമായ ബി. ഉണ്ണിക്കൃഷ്ണൻവാർത്താസമ്മേളനത്തിൽ പറഞ്ഞു. വേതന കരാർ നിലവിൽ വരുന്നതോടുകൂടി ടെലിവിഷൻ മേഖലയിലെ ഇതുവരെ അസംഘടിതരായിരുന്ന തൊഴിലാളികൾക്ക് കൃത്യമായ സമയ വ്യവസ്ഥയും വേതന വ്യവസ്ഥയും ഉണ്ടാകും.

മൂന്നുവർഷത്തേക്കാണ് കരാർ കാലാവധി. സിനിമയിലെ പോലെ തന്നെ മൂന്ന് വർഷത്തിനുശേഷം ഇത് പുതുക്കപ്പെടുമെന്ന് ബി. ഉണ്ണിക്കൃഷ്ണൻ പറഞ്ഞു.

സിനിമ, ടെലിവിഷൻ പ്രവർത്തകരുടെ തൊഴിൽ സുരക്ഷ ഉറപ്പ് വരുത്തുന്ന നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തൊഴിൽ ഉറപ്പില്ലാതെയാണ് സീരിയൽ മേഖലയിൽ തൊഴിലാളികൾ പ്രവർത്തിക്കുന്നത്. ഏത് നിമിഷം വേണമെങ്കിലും ജോലി ചെയ്യുന്ന സാങ്കേതിക പ്രവർത്തകനെ മാറ്റാം, തൊഴിലാളികളെ ഒന്നടങ്കം തന്നെമാറ്റാം. അത്തരംകാര്യങ്ങൾക്കൊക്കെഇനിമുതൽകൃത്യമായ വ്യവസ്ഥയുണ്ടാകും. ആറുമുതൽ 9.30 വരെയാണ്

സീരിയലിൽ പ്രവർത്തിക്കുന്നവരുടെ ജോലിസമയം. ഇതിൽ ഒരുമണിക്കൂർ ഭക്ഷണ ഇടവേള സമയമാണ്. ഇതുവരെ ഇടവേള സമയം എന്നൊന്നില്ലായിരുന്നു. കൂടാതെ ഐസിസി എല്ലാലൊക്കേഷനിലുംഉറപ്പ്വരുത്തും. ഇതോടൊപ്പം തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുമെന്നും ബി. ഉണ്ണിക്കൃഷ്ണൻ പറഞ്ഞു.



ദീപിക പദുകോൺ

ദീപികയോട് ഫൈറ്റ് ചെയ്യാൻ കഴിയില്ല

ബോളിവുഡിൽ ഏറെ ആരാധകരുള്ള താരമാണ് ദീപിക പദുകോൺ. ദീപിക ഇതുവരെ അഭിനയിച്ചത് 25 ചിത്രങ്ങളിൽ. ഇതിൽ 15 ചിത്രങ്ങൾ നൂറുകോടി ക്ലബിൽ ഇടം നേടി. ഹൃത്വിക് റോഷൻ നായകനായ സിദ്ധാർത്ഥ് ആനന്ദ് സംവിധാനം ചെയ്ത ഫൈറ്റർ ആഗോളതലത്തിൽ നൂറുകോടിയിലധികം നേടി യാത്ര നടത്തുന്നതിന്റെ സന്തോഷത്തിലാണ് നായികയായ ദീപിക പദുകോൺ.

ദീപികയുടെ കരിയറിലെ ഏറ്റവും വലിയ വിജയമായ ഹാപ്പി ന്യൂ ഇയർ നേടിയത് 108.86 കോടിയാണ്. പത്താൻ, ചെന്നൈ എക്സ്പ്രസ്, പദ്മാവത് എന്നീ ചിത്രങ്ങളിലൂടെയാണ് പ്രേക്ഷകരുടെ പ്രിയങ്കരിയായി മാറുന്നത്. ആദ്യ ചിത്രമായ ഓംശാന്തി ഓമിലൂടെ ആഗോള തലത്തിൽ നൂറുകോടി നേടുന്ന ആദ്യ അഭിനേത്രി എന്ന വിലാസം ദീപികയ്ക്ക് സ്വന്തം. ഇന്ത്യൻ ചലച്ചിത്ര ലോകത്ത് ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്ന നടിയാണ് ദീപിക പദുകോൺ.

അണിയറപ്രവർത്തകർക്കൊപ്പം ഡോ.വി.പി. ഗംഗാധരൻ

ഡോ.വി.പി. ഗംഗാധരന്റെ പെരുമ്പറ

ക്യാൻസർ ദിനത്തിൽ പൂജ

പ്രശസ്ത ക്യാൻസർ രോഗവിദഗ്ധനായ ഡോക്ടർ വി.പി ഗംഗാധരന്റെ അനുഭവങ്ങളെ ആസ്പദമാക്കി നിബു പേരേറ്റിൽ സംവിധാനം ചെയ്യുന്ന ഹ്രസ്വ ചിത്രമാണ് പെരുമ്പറ .അനീഷ് രവി, സീമ ജി . നായർ, പ്രമോദ് വെളിയനാട് തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ചിത്രത്തിന്റെ പൂജ, ലോക ക്യാൻസർ ദിനമായ ഫെബ്രുവരിനാലിന്‌രാവിലെ ഒമ്പതിന് എറണാകുളം ഐ. എം, എ ഹാളിൽ നടക്കും.

ഓൻകോ സർജൻ ഡോക്ടർ ജോജോ ജോസഫ് ഭദ്രദീപം തെളിക്കും.വരദായിനി ക്രിയേഷൻസിന്റെ ബാനറിൽ ബൈജു കെ ബാബു നിർമ്മിക്കുന്ന ചിത്രത്തിന്റെ കഥ ഡോക്ടർ വി. പി ഗംഗാധരന്റേതാണ്.തിരക്കഥ-സുഗതൻ കണ്ണൂർ, ഛായാഗ്രഹണം-കൃഷ്ണകുമാർകോടനാട്, പ്രൊഡക്ഷൻ കൺട്രോളർ-രതീഷ് കരുനാഗപ്പള്ളി, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ശ്യാം പ്രേം,സ്റ്റിൽസ്-ജിതേഷ്ദാമോദർ,പി. ആർ. ഒ എ . എസ് ദിനേശ്.

ഒഴുകി ഒഴുകി ഒഴുകി പാക്കരൻ

ഫെബ്രുവരി 2ന് റിലീസ്

ജലത്തിൽ ഒഴുകി നടക്കുന്ന ആയിരക്കണക്കിന് അനാഥ മൃതദേഹങ്ങൾക്കുമുന്നിലാണ്സഞ്ജീവ്ശിവൻ സംവിധാനംചെയ്യുന്ന ഒഴുകി ഒഴുകി ഒഴുകി എന്ന ചിത്രം സമർപ്പിക്കുന്നത്. പന്ത്രണ്ട് വയസുള്ള പാക്കരൻ എന്ന ആൺകുട്ടിയുടെ അന്വേഷണങ്ങളിലൂടെയാണ് ചിത്രത്തിന്റെ അവതരണം. ശിവൻ കുട്ടം ബത്തിലെഏറ്റവുംപുതിയതല മുറക്കാരനായ സിദ്ധാൻഷ്യ സഞ്ജീവ് ശിവനാണ് ചിത്രത്തിലെ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്നത്. നല്ല കഥ,നല്ല രീതിയിൽ പറഞ്ഞാൽ പ്രേക്ഷകർസ്വീകരിക്കുമെന്ന്വിശ്വസിക്കുന്നെന്ന്സഞ്ജീവ്ശിവൻ പറഞ്ഞു.

ജലാശയത്തിലൂടെ മാത്രമാണ് ചിത്രത്തിന്റെ സഞ്ചാരം. ഈ ലോകത്ത് എവിടെയും പ്രസക്തിയുള്ള കഥ . 90 മിനിറ്റ് ദൈർഘ്യമുള്ള ചിത്രത്തിൽ ശബ്ദത്തിനും ഏറെ പ്രാധാന്യമുണ്ടെന്നും സഞ്ജീവ് ശിവൻ പറഞ്ഞു.ബീയാർ പ്രസാദിന്റെ ഹൃ എന്ന ചെറുകഥയുടെ ആശയം സഞ്ജീവ്ശിവന്ഇഷ്ടപ്പെട്ടതോടെയാണ്ഒഴുകിഒഴുകിഒഴുകിഎന്ന ചിത്രം പിറക്കുന്നത്. കൊവിഡ് കാലത്ത് ഈ കഥയുടെ പ്രസക്തി ഏറുകയും ചെയ്തു. ഒരു കുട്ടിയിലൂടെ പറയുന്ന കഥ. സാമൂഹ്യ വിഷയവും ചർച്ച ചെയ്യുന്നു. കുട്ടനാടിന്റെ പശ്ചാത്തലമാണ്ചിത്രത്തിന്റെ ഭൂമിക.

നരേൻ, ദീപ്തി പിള്ള ശിവൻ, സഞ്ജീവ് ശിവൻ

സിദ്ധാൻഷ്യ സഞ്ജീവ് ശിവൻ

സൗബിൻ ഷാഹിർ, നരേൻ, ബൈജു സന്തോഷ്, യദുകൃഷ്ണൻ, കൊച്ചുപ്രേമൻ, സരിത, അഞ്ജന അപ്പുക്കുട്ടൻ, ദേവു മനോജ്, പൗളി വത്സൻ, സൂര്യകാന്ത് തുടങ്ങിയവരാണ് മറ്റു താരങ്ങൾ. സഞ്ജീവ് ശിവൻ, ബീയാർ പ്രസാദ് എന്നിവർ ചേർന്നാണ്തിരക്കഥ.

ബോളിവുഡ്സംഗീതസംവിധായകനായ തോമസ്കാന്റിലനാണ് സംഗീത സംവിധാനം. ഓസ്കർ ജേതാവ് റസൂൽ പൂക്കുട്ടിയാണ് ശബ്ദമിശ്രണം. ദേശീയ അവാർഡ് ജേതാവ്ശ്രീകർപ്രസാദാണ്എഡിറ്റിംഗ്. മനോജ് പിള്ള ഛായാഗ്രഹണം നിർവഹിക്കുന്നു. ടൈപോഡ് മോഷൻ പിക്ചേഴ്സിന്റെ ബാനറിൽ ദീപ്തി പിള്ള ശിവൻ ആണ് നിർമ്മാണം.

കൊൽക്കത്ത രാജ്യാന്തര ഫിലിം ഫെസ്റ്റിവൽ ഉൾപ്പടെ നിരവധി ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിച്ച ചിത്രം മാർച്ച്1ന്മോസ്കോരാജ്യാന്തര ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കും. ഫെബ്രുവരി 2ന് ചിത്രം തിയേറ്ററിൽ റിലീസ് ചെയ്യുമ്പോൾ ബീയാർ പ്രസാദും കൊച്ചു പ്രേമനും ഈ ലോകത്തില്ല.

ശിവൻ കുടുംബത്തിലെ മൂന്നാംതലമുറ അഭിനയത്തിൽ

അച്ചൻ സംവിധാനംചെയ്യുന്ന,അമ്മ(ദീപ്തി പിള്ളെ ശിവൻ) നിർമ്മിക്കുന്ന ചിത്രത്തിലൂടെയാണ് തിരുവനന്തപുരം ശ്രീകാര്യം ലയോള സ്കൂൾ ഒൻപതാം ക്ലാസ് വിദ്യാർത്ഥിയായ സിദ്ധാൻഷ്യ സഞ്ജീവ് ശിവൻ വെള്ളിത്തിരയിലേക്ക് എത്തുന്നത്. സഞ്ജീവ് ശിവന്റെ മൂത്ത സഹോദരനും പ്രശസ്ത ഛായാഗ്രാഹകനും സംവിധായകനുമായ സന്തോഷ് ശിവന്റെ മകൻ സർവ്വജിത്ത് സന്തോഷ് വരനെ ആവശ്യമുണ്ട് എന്ന ചിത്രത്തിൽ അഭിനയിച്ചിരുന്നു. ഇതിനു പിന്നാലെയാണ് സിദ്ധാൻഷ്യവിന്റെ അഭിനയ അരങ്ങേറ്റം. അഭിനയം ഏറെ ഇഷ്ടപ്പെടുന്ന സിദ്ധാർഷ്യ സ്കൂൾ നാടകത്തിൽ സജീവമാണ്. ലോകസിനിമകളുടെ കടുത്ത ആരാധകൻ. സിനിമയിൽ അഭിനയിക്കണമെന്ന ആഗ്രഹം ആദ്യം പറയുന്നത് മുത്തച്ഛനും അകലാത്തിൽ വിടപറഞ്ഞ പ്രശസ്ത ഛായാഗ്രാഹകനും സംവിധായകനുമായ ശിവനോടായിരുന്നു.

കുട്ടികളുടെകഥചെയ്യാൻ സഞ്ജീവിനോട് ശിവൻ പറഞ്ഞു. അച്ചന്റെ ആഗ്രഹം സഞ്ജീവിന്റെ മനസിൽ കിടന്നു.

എല്ലാ സീനും സഞ്ജീവിന്റെ മുൻപിൽ അഭിനയിച്ചു കാണിച്ചാണ് സിദ്ധാൻഷ്യ ക്യാമറയുടെ മുൻപിലേക്ക് എത്തിയത്. നീന്തലും കുട്ടനാടൻ ജീവിതരീതിയും പഠിച്ചു.

25 ദിവസത്തെ ചിത്രീകരണം 14 ദിവസം കൊണ്ടു പൂർത്തിയായതിന്റെ ക്രെഡിറ്റ് മകന് സഞ്ജീവ് നൽകുന്നു. മാർച്ച് ഒന്നിന് മോസ്കോ രാജ്യാന്തര ഫിലിം ഫെസ്റ്റിവലിൽ ചിത്രംപ്രദർശിപ്പിക്കുമ്പോൾ സാന്നിദ്ധ്യം അറിയിക്കാൻ സിദ്ധാൻഷ്യ ഉണ്ടാകും.